ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 07.07.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെഒഡിഷ സന്ദർശനം പുരോഗമിക്കുന്നു. ഇന്ന് പുരിയിൽ പ്രശസ്തമായ രഥയാത്രയ്ക്ക് രാഷ്ട്രപതി സാക്ഷ്യം വഹിക്കും.

   **President Draupadi Murmu's visit to Odisha is in progress. The President will witness the famous Ratha Yatra in Puri today.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യ, ഓസ്ട്രിയ സന്ദർശനത്തിന് നാളെ തുടക്കമാകും. ഉഭയകക്ഷി ബന്ധം ശക്തമാക്കുന്നതും ഭൗമരാഷ്ട്രീയ വെല്ലുവിളികളിലെ സഹകരണവും ചർച്ച ചെയ്യും.

   **Prime Minister Narendra Modi's visit to Russia and Austria will begin tomorrow. Strengthening bilateral ties and cooperation on geopolitical challenges will be discussed.**

3. കേന്ദ്ര ബജറ്റിനു മുന്നോടിയായി ധനകാര്യ മന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ ചേർന്ന കൂടിയാലോചന യോഗം സമാപിച്ചു. യോഗത്തിലെ നിർദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമെന്ന് മന്ത്രി.

   **The consultative meeting chaired by Finance Minister Nirmala Sitharaman concluded ahead of the Union Budget. Instructions at the meeting will consider including it in the budget, says Minister.**

4. തെക്കൻ കശ്മീരിലെ കുൽഗാമിൽ നടന്ന വ്യത്യസ്ത ഏറ്റുമുട്ടലുകളിൽ സുരക്ഷാ സേന അഞ്ച് ഭീകരരെ വധിച്ചു.

   **Five terrorists were killed by security forces in separate encounters in south Kashmir's Kulgam.**

5. പാക്കറ്റ് ഭക്ഷ്യ സാധനങ്ങളിൽ പോഷകവിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ശുപാർശ അംഗീകരിച്ചതായി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ.

**Food Safety and Standards Authority of India has approved the recommendation for labeling of nutritional information on packaged food items.**

6. ഇന്ത്യ-സിംബാബ്‌വേ രണ്ടാം ട്വന്റി-20 മത്സരം വൈകിട്ട്. വനിതാ ട്വന്റി-20 യിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും.

**India-Zimbabwe 2nd Twenty20 match in the evening. India will face South Africa today in Women's Twenty-20.**

&&&&&&&&&&&&&&&&

# HEADLINE – 1
## PREZ - ODISHA

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നാല് ദിവസത്തെ ഒഡിഷ സന്ദർശനം പുരോഗമിക്കുന്നു. ഇന്ന്, പുരിയിൽ നടക്കുന്ന പ്രശസ്തമായ രഥയാത്രയ്ക്ക് രാഷ്ട്രപതി സാക്ഷ്യം വഹിക്കും. നാളെ ഭുവനേശ്വറിലെ ചരിത്രപ്രസിദ്ധമായ ഉദയഗിരി, ഖണ്ഡഗിരി ഗുഹകൾ രാഷ്ട്രപതി സന്ദർശിക്കും. ബിഭൂതി കനുങ്കോ കോളേജ് ഓഫ് ആർട്ട് ആൻഡ് ക്രാഫ്റ്റ്സ്, ഉത്കൽ യൂണിവേഴ്സിറ്റി ഓഫ് കൾച്ചർ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുമായും ശ്രീമതി മുർമു സംവദിക്കും. ഭുവനേശ്വറിന് സമീപമുള്ള ഹരിദാമദ ഗ്രാമത്തിൽ ബ്രഹ്മാകുമാരിസിന്റെ ഡിവൈൻ റിട്രീറ്റ് സെന്റർ ഉദ്ഘാടനവും രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ചൊവ്വാഴ്ച ഭുവനേശ്വറിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആൻഡ് റിസർച്ചിന്റെ 13-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&

## VICE PRESIDENT

രണ്ടു ദിവസത്തെ കേരള സന്ദർശനം പൂർത്തിയാക്കി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഡൽഹിയിലേക്ക് മടങ്ങി. ഹെലികോപ്ടർ മാർഗം കൊല്ലത്തുനിന്ന് തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ ഉപരാഷ്ട്രപതി ഉച്ചയോടെ ഡൽഹിക്ക് മടങ്ങി. സന്ദർശനത്തിന്റെ ഭാഗമായി ഇന്നലെ വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയുടെ ബിരുദ ദാന ചടങ്ങിനെ ഉപരാഷ്ട്രപതി അഭിസംബോധന ചെയ്തു. ശേഷം കൊല്ലത്തെത്തിയ അദ്ദേഹം കുടുംബത്തോടൊപ്പം അഷ്ടമുടിക്കായലിൽ ഉല്ലാസയാത്രയും നടത്തി.

&&&&&&&&&&&&&&&&

## HEADLINE – 2

## PM-RUSSIA AUSTRIA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ റഷ്യ, ഓസ്ട്രിയ സന്ദർശനത്തിന് നാളെ തുടക്കമാകും. സന്ദർശനത്തിന്റെ ആദ്യഘട്ടത്തിൽ മോസ്കോയിലെത്തുന്ന പ്രധാനമന്ത്രി 22-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും. റഷ്യ സന്ദർശനം പൂർത്തിയാക്കിയ ശേഷം പ്രധാനമന്ത്രി ചൊവ്വാഴ്ച ഓസ്ട്രിയയിലെത്തും.

&&&&&&&&&&&&&&&&

## PM- AUSTRIA CHANCELLOR

അടുത്തയാഴ്ച ഓസ്ട്രിയൻ തലസ്ഥാനമായ വിയന്നയിൽ എത്തുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയെ സ്വീകരിക്കാൻ തങ്ങൾ കാത്തിരിക്കുകയാണെന്ന് ഓസ്ട്രിയൻ

ചാൻസലർ കാൾ നെഹാമർ. നാൽപ്പത് വർഷത്തിന് ശേഷം ഒരു ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന ആദ്യ സന്ദർശനമെന്ന നിലയിൽ ശ്രീ നരേന്ദ്രമോദിയുടെ സന്ദർശനം പ്രത്യേക ബഹുമതിയാണെന്ന് ഓസ്ട്രിയൻ ചാൻസലർ സമൂഹ മാധ്യമ കുറിപ്പിൽ പറഞ്ഞു. ഉഭയകക്ഷി ബന്ധം കൂടുതൽ ആഴത്തിലാക്കുന്നതിനെക്കുറിച്ചും നിരവധി ഭൗമരാഷ്ട്രീയ വെല്ലുവിളികളിൽ അടുത്ത സഹകരണത്തെക്കുറിച്ചും ഇരുരാജ്യങ്ങളും ചർച്ചചെയ്യുമെന്നും ചാൻസലർ പറഞ്ഞു. ഈ ചരിത്ര സന്ദർഭം അടയാളപ്പെടുത്താൻ ഓസ്ട്രിയ സന്ദർശിക്കുന്നത് തീർച്ചയായും അഭിമാനകരമാണെന്ന് ഓസ്ട്രിയൻ ചാൻസലർക്ക് മറുപടിയായി പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## PARLIAMENT BUDGET SESSION

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഈ മാസം 22 മുതൽ ആരംഭിക്കും. ഓഗസ്റ്റ് 12 വരെ സമ്മേളനം തുടരുമെന്ന് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു സമൂഹമാധ്യമക്കുറിപ്പിൽ അറിയിച്ചു. 2024-25 ലെ കേന്ദ്ര ബജറ്റ് ജൂലൈ 23ന് ലോക്സഭയിൽ അവതരിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

## ODISHA-RATHYATRA - INTRO

ഒഡിഷയിലെ പുരിയിലെ വിശ്വപ്രസിദ്ധമായ രഥയാത്ര ഇന്ന് നടക്കും. ഭഗവാൻ ജഗന്നാഥൻ, ഭഗവാൻ ബലഭദ്രൻ, ദേവി സുഭദ്ര, ഭഗവാൻ സുദർശൻ എന്നിവരുടെ രഥയാത്രയാണ് പുരി രഥയാത്ര എന്ന് അറിയപ്പെടുന്നത്. രാജ്യത്തിൻറെ

വിവിധ ഭാഗങ്ങളിൽ നിന്നായി പത്തു മുതൽ പതിനഞ്ച് ലക്ഷത്തോളം ഭക്തരുടെ സാന്നിധ്യമാണ് പുരിയിൽ പ്രതീക്ഷിക്കുന്നത്. വാർഷിക ഉത്സവത്തിൽ ഇത്തവണ രാഷ്ട്രപതി ദ്രൗപദി മുർമുവും പങ്കെടുക്കുന്നുണ്ട്.

**വിശദാംശങ്ങളിലേക്ക്.........**

(വോയ്സ്)

*എല്ലാ കൊല്ലവും രഥയാത്ര ഒരു ദിവസത്തെ പരിപാടിയായാണ് നടക്കുക. എന്നാൽ ഇക്കുറി പ്രത്യേക ആകാശ ക്രമീകരണങ്ങൾ കാരണം, ഇത് രണ്ട് ദിവസം നീണ്ടുനിൽക്കും. 1971 ലാണ് ഇതിന് മുൻപ് ഇത്തരത്തിലൊരു രഥയാത്ര നടന്നത്. ശ്രീ ജഗന്നാഥ ക്ഷേത്രത്തിൻറെ സിംഹ ഗേറ്റിന് മുന്നിൽ ഒരുക്കിയിട്ടുള്ള രഥങ്ങൾ യാത്രയുടെ ഭാഗമായി ശ്രീ ഗുണ്ടിച്ച ക്ഷേത്രത്തിലേക്ക് കൊണ്ടുപോകും. അവിടെ അത് ഒരാഴ്ചയോളം തങ്ങും. ഇന്ന് ഉച്ചയോടെ എല്ലാ ചടങ്ങുകളും കഴിഞ്ഞ് ഭക്തർ രഥം വലിക്കാൻ ആരംഭിക്കും. ഈ വർഷം രഥയാത്രയും അനുബന്ധ ചടങ്ങുകളായ 'നബജൗബൻ ദർശൻ', 'നേത്ര ഉത്സവ്' എന്നിവയും നടക്കും. രഥോത്സവം എന്നറിയപ്പെടുന്ന രഥയാത്ര പുരിയിലെ ശ്രീ ജഗന്നാഥ ക്ഷേത്രത്തോളം തന്നെ പുരാതനമാണെന്ന് വിശ്വസിക്കപ്പെടുന്നു. എട്ട് ദിവസത്തിന് ശേഷം രഥങ്ങൾ തിരിച്ചെത്തുന്നതോടെ ഉത്സവത്തിന് പരിസമാപ്തിയാകും. ഉത്സവം സുഗമമായി നടത്തുന്നതിനും രാഷ്ട്രപതിയുടെയും മറ്റ് പ്രമുഖരുടെയും സന്ദർശനത്തിൻറെയും ഭാഗമായി ഒഡീഷ സർക്കാർ അതീവ സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. രഥയാത്രയോട് അനുബന്ധിച്ച് ഇന്നും നാളെയും സംസ്ഥാനത്ത് പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്.*

*ന്യൂസ് ഡെസ്ക്, ആകാശവാണി....*

&&&&&&&&&&&&&&&&

## RATH YATRA- PREZ- VICE PREZ- PM

പുരി ജഗന്നാഥ ക്ഷേത്രത്തിലെ രഥയാത്രയോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. രഥയാത്രയ്ക്ക് സാക്ഷ്യം വഹിക്കാൻ എണ്ണമറ്റ ജഗന്നാഥ പ്രേമികൾ ഇന്ന് ആവേശത്തോടെ കാത്തിരിക്കുകയാണെന്ന് രാഷ്ട്രപതി മുർമു സമൂഹമാധ്യമ കുറിപ്പിൽ പറഞ്ഞു. ജഗന്നാഥ രഥയാത്രയ്ക്ക് ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യമുണ്ടെന്ന് ഉപരാഷ്ട്രപതി ധൻഖർ പറഞ്ഞു. ഭഗവാൻ ജഗന്നാഥൻറെ അനുഗ്രഹം രാജ്യത്ത് നിലനിൽക്കട്ടെയെന്ന പ്രാർഥനയോടെയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ അറിയിച്ചത്.

&&&&&&&&&&&&&&&&

## AMIT SHAH-GUJARAT VISIT

രണ്ട് ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിനെത്തിയ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് രഥയാത്രയോടനുബന്ധിച്ച് ജഗന്നാഥ ക്ഷേത്രത്തിലെ മംഗള ആരതിയിൽ പങ്കെടുക്കും. പിന്നീട്, അഹമ്മദാബാദിലെ നാരൻപുരയിൽ ആധുനിക മൾട്ടി-സ്പെഷ്യാലിറ്റി ആശുപത്രിയും അംബവാഡിയിൽ വിദ്യാർത്ഥി ഭവനും കേന്ദ്രമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&

## HEADLINE – 3
## PRE-BUDGET

2024-25-ലെ കേന്ദ്ര പൊതു -ബജറ്റിനു മുന്നോടിയായി കേന്ദ്ര ധനമന്ത്രാലയത്തിൽ മന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ ചേർന്ന കൂടിയാലോചന യോഗം സമാപിച്ചു. ജൂൺ 25 നാണ് വ്യാപാര സേവന പ്രതിനിധികളുമായുള്ള ഏഴാമത് പ്രീ-ബജറ്റ് കൺസൽട്ടേഷൻ ആരംഭിച്ചത്. രാജ്യത്തെ കർഷക സംഘടനകളിൽ നിന്നുള്ള പ്രതിനിധികളും കാർഷിക സാമ്പത്തിക വിദഗ്ധരും ഉൾപ്പെടെ 10 പങ്കാളി ഗ്രൂപ്പുകളിലായി 120-ലധികം ക്ഷണിതാക്കൾ യോഗങ്ങളിൽ പങ്കെടുത്തു. കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി, ധനകാര്യ സെക്രട്ടറി ഡോ. ടി.വി. സോമനാഥൻ തുടങ്ങി വിവിധ മന്ത്രാലയങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരും യോഗങ്ങളിൽ സന്നിഹിതരായിരുന്നു. ചടങ്ങിനിടെ വിലയേറിയ നിർദ്ദേശങ്ങൾ പങ്കുവെച്ചതിന് ശ്രീമതി സീതാരാമൻ അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയും നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ച് ബജറ്റിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തു.

&&&&&&&&&&&&&&&&

## HEADLINE – 4
## J AND K - KULGAM ENCOUNTER

തെക്കൻ കശ്മീരിലെ കുൽഗാം ജില്ലയിൽ നടന്ന വ്യത്യസ്ത ഏറ്റുമുട്ടലുകളിൽ അഞ്ച് ഭീകരരെ സുരക്ഷാ സേന വധിച്ചു. ഫ്രിസൽ ചിന്നിഗാം മേഖലയിൽ 4 ഭീകരരെയും മോട്ടർഗാമിൽ ഒരാളെയുമാണ് സൈന്യം വധിച്ചത്. ഇവിടങ്ങളിൽ ഭീകരർ ഒളിച്ചിരിക്കുന്നുണ്ടെന്ന രഹസ്യ

വിവരത്തെത്തുടർന്ന് ഇന്നലെ ഉച്ചയോടെയാണ് ഏറ്റുമുട്ടൽ ആരംഭിച്ചത്. അതേസമയം, ഏറ്റുമുട്ടലിൽ ഗുരുതരമായി പരിക്കേറ്റ രണ്ട് സൈനികർക്കും ജീവൻ നഷ്ടമായി.

&&&&&&&&&&&&&&&&

## HEADLINE – 5

## FSSAI

പാക്കറ്റ് ഭക്ഷ്യ ഉത്പന്നങ്ങളിൽ പോഷകവിവരങ്ങൾ രേഖപ്പെടുത്തുന്നതിനും അക്ഷരങ്ങളുടെ വലിപ്പം കൂട്ടുന്നതിനുമുള്ള ശുപാർശ അംഗീകരിച്ചതായി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ. 2020 ലെ ഭക്ഷ്യ സുരക്ഷാനിയന്ത്രണങ്ങളിൽ ഭേദഗതി വരുത്തിയാണ് ഉൽപ്പന്നത്തിലെ ആകെ പഞ്ചസാര, ഉപ്പ്, കൊഴുപ്പ് എന്നിവയുടെ അളവ് രേഖപ്പെടുത്തുന്നതിനുള്ള തീരുമാനം അംഗീകരിച്ചത്.

&&&&&&&&&&&&&&&&

## TOURISM - SURESH GOPI

ടൂറിസം മേഖലയെ രാഷ്ട്രീയ ജാതി മത ചിന്തകൾക്ക് അതീതമായി വിപുലീകരിച്ച് മുന്നോട്ടു കൊണ്ടുപോകണമെന്ന് കേന്ദ്ര ടൂറിസം സഹമന്ത്രി സുരേഷ് ഗോപി. കേരള ടൂറിസം ഡെവലപ്മെൻറ് അസോസിയേഷൻ ഭാരവാഹികളുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന് ടൂറിസം വികസനത്തിൽ വലിയ സാധ്യതകളാണ് ഉള്ളതെന്നും അത് ശരിയായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ശ്രീ. സുരേഷ് ഗോപി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&

## HEADLINE – 6

## INDIA VS ZIMBABWE- 2ND T20

അഞ്ച് മത്സരങ്ങളുടെ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാമത്തെ മത്സരത്തിൽ ഇന്ത്യ ഇന്ന് സിംബാബ്‌വെയെ നേരിടും. സിംബാബ്‌വെയിലെ ഹരാരെയിൽ വൈകിട്ട് 4.30ന് മത്സരം ആരംഭിക്കും. ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ സിംബാബ്‌വെ 13 റൺസിന് ഇന്ത്യയെ പരാജയപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&

## WOMENS CRICKET- 2ND T20

ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് നടക്കും. ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴ് മണിക്കാണ് മത്സരം. ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക വിജയിച്ചിരുന്നു. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

&&&&&&&&&&&&&&&&

## EURO CUP FOOTBALL

യൂറോ കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇംഗ്ലണ്ടും നെതർലൻഡ്സും സെമിയിൽ പ്രവേശിച്ചു. പെനാൽറ്റി ഷൂട്ടൗട്ടിൽ 5-3ന് സ്വിറ്റ്സർലൻഡിനെ മറികടന്നാണ് ഇംഗ്ലണ്ട് സെമിയിൽ കടന്നത്. മറ്റൊരു ക്വാർട്ടർ ഫൈനലിൽ നെതർലൻഡ്സ് 2-1ന് തുർക്കിയെ തോൽപിച്ചു. ചൊവ്വാഴ്ച രാത്രി 12.30 ന് നടക്കുന്ന ആദ്യ സെമിയിൽ സ്പെയിനും ഫ്രാൻസും ഏറ്റുമുട്ടും. ബുധനാഴ്ച രാത്രി 12.30ന് നടക്കുന്ന രണ്ടാം സെമിയിൽ ഇംഗ്ലണ്ട് നെതർലൻഡ്സിനെ നേരിടും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&